നം: DGE/21103/2024/T2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 18-01-2025
ഇ-മെയിൽ : secret.dge@kerala.gov.in

NO TO DRUGS

**ലേല പരസ്യം**

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഗേറ്റിന് സമീപത്ത് നിന്നിരുന്ന മഴമരത്തിന്റെയും, ട്രാൻസ്ഫോർമർ മീറ്ററിന് അടുത്ത് നിൽക്കുന്ന പ്ലാവിന്റെ മുറിച്ചിട്ട ശിഖരങ്ങളും ലേലം ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആയവ **24/01/2025 ന് ഉച്ചയ്ക്ക് ശേഷം 2 മണിക്ക്** ഈ കാര്യാലയത്തിലെ പി എ (ജനറൽ) ന്റെ സാന്നിധ്യത്തിൽ പരസ്യമായി ലേലം ചെയ്യ കൊടുക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സ്ഥലത്ത് നിശ്ചിത സമയത്ത് (24/01/2025 ന് ഉച്ചയ്ക്ക് ശേഷം 2 മണിക്ക്) നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായി 100 /- (നൂറ് രൂപ) ലേലം തുടങ്ങുന്നതിന് അരമണിക്കൂർ മുൻപായി കെട്ടിവക്കേണ്ടതുമാണ്.

ലേലത്തിൽ പരാജയപ്പെടുന്നവർക്ക് ലേലം കഴിഞ്ഞ ഉടനെ തന്നെ നിരതദ്രവ്യം തിരിച്ചു നൽകുന്നതായിരിക്കും. ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കിട്ടിയ വ്യക്തി നിരതദ്രവ്യം ഒഴികെയുള്ള ലേലത്തുക മുഴുവനായും, മുഴുവൻ തുകയുടെ 5% ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സും, രണ്ടും കൂടിയുള്ള ആകെ തുകയുടെ 18% സർക്കാർ നിശ്ചയിച്ചിട്ടുള്ള ചരക്ക് സേവന നികുതിയും ലേല തീയതിയുടെ അടുത്ത ദിവസം ഉച്ചക്ക് 2 മണിക്ക് മുൻപായി ഈ ഓഫീസിൽ ബന്ധപ്പെട്ട അധികാരികൾ വശം അടച്ച് രസീത് വങ്ങേണ്ടതാണ്.

പിന്നീട് ലേലം സ്ഥിരപ്പെടുത്തിയതായുള്ള അറിയിപ്പ് ഈ കാര്യാലയത്തിൽ നിന്നും ലഭിച്ചു കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ലേലം കൊണ്ട ആൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേലത്തിലെടുത്ത മരം/വിറക് എന്നിവ നീക്കം ചെയ്യേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തിയ ശേഷം പിന്മാറിയാൽ ആ വിധത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം ലേലം കൊണ്ട് ആളിൽ നിന്നും നിയമാനുസൃതം ഈടാക്കുന്നതാണ്. മേൽ പറഞ്ഞ മര കഷ്ണങ്ങൾ ലേല തീയതിക്ക് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള ഏതെങ്കിലും സമയത്ത് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ മുൻകൂർ അനുവാദത്തോടു കൂടി പരിശോധിയ്ക്കാവുന്നതാണ്.

Signed by
Ranjan Raj R P
Date: 18-01-2025 15:55:55

**രഞ്ജൻ രാജ് ആർ പി**
**പെൻ : 101148**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

To

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ (പി എ മുഖാന്തിരം)
2. സീനിയർ ഫിനാൻസ് & അക്കൗണ്ട്സ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
3. പി എ (ജനറൽ)
4. കൈറ്റ് ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )